നം.ഇ.എസ് 2-70525/11/ആ.വ.ഡ.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം : തീയതി. 27/11/2014.

# നോട്ടീസ്.

വിഷയം - ആ.വ.ഡ - പാലക്കാട് ഓങ്ങല്ലൂർ, പി.എച്ച്.സിയിലെ രണ്ടാം ഗ്രേഡ് ഡ്രൈവർ ശ്രീ.ബിജു.എ.സിയുടെ പേര് സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തുന്നത് - സംബന്ധിച്ച്.

സൂചന - (1) പാലക്കാട് ജില്ലാ മെഡിക്കൽ ആഫീസറുടെ 13/10/2014 - ലെ എ2-14412/14 എന്ന നംപർ കത്ത്.
(2) ഈ ആഫീസിലെ 09/11/2012 - ലെ ഇതേ നംപർ ഉത്തരവ്.
(3) പാലക്കാട് ജില്ലാ മെഡിക്കൽ ആഫീസറുടെ 26/11/2007 - ലെ എ2-4036/05/ എന്ന നം. ഉത്തരവ്.

സീനിയോറിറ്റി പട്ടികയിൽ പേര് ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് പാലക്കാട് ഓങ്ങല്ലൂർ പ്രാഥമികാരോഗ്യകേന്ദ്രത്തിലെ രണ്ടാം ഗ്രേഡ് ഡ്രൈവർ ശ്രീ.ബിജു.എ.സി സമർപ്പിച്ച അപേക്ഷ സൂചന ഒന്ന് (1) പ്രകാരം അയച്ചുതന്നിരിക്കുന്നു.

പാലക്കാട് ജില്ലാ മെഡിക്കൽ ആഫീസറുടെ സൂചന മൂന്ന് (3) ലെ ഉത്തരവ് പ്രകാരം ആശ്രിത നിയമന വ്യവസ്ഥയിൽ രണ്ടാം ഗ്രേഡ് ഡ്രൈവർ ആയി നിയമിക്കുകയും 05/12/2007 - ൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. 05/12/2009 മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം ടിയാളുടെ പരിശീലനകാലം പൂർത്തിയാക്കുകയും 05/12/2007 മുതൽ ടിയാളുടെ സേവനം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. അപ്രകാരം ടിയാളെ ഡ്രൈവർമാരുടെ 01/11/2007 മുതൽ 31/08/2011 വരെയുള്ള സീനിയോറിറ്റി പട്ടികയിൽ ഒന്നാം റാങ്കുകാരനായി ഉൾപ്പെടുത്തേണ്ട തായിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

GOVERNMENT OF KERALA

| ക്ര. നം. | പേര് | റാങ്ക് നം. | ജനന തീയതി | ജോലിയിൽ പ്രവേശിച്ച തീയതി. | സീനിയോറിറ്റിക്ക് പരിഗണിച്ച തീയതി. |
|---|---|---|---|---|---|
| 1 | ബിജു.എ.സി | 01 | 29/04/1977 | 05/12/2007 | 26/11/2007 |
| 2 | ലാലി.വി | 01 (a) | 07/05/1967 | 12/02/2008 | 03/12/2007 |

മേൽ പറഞ്ഞ നടപടിക്രമത്തിന്മേൽ ആർക്കെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അത് ഈ നോട്ടീസ് പ്രസിദ്ധീകരിച്ച തീയതിമുതൽ ഒരു മാസത്തിനകം രേഖാമൂലം ബന്ധപ്പെട്ട മേലുദ്യോഗസ്ഥൻ മുഖേന സമർപ്പിക്കേണ്ടതാണ്.

(ഒപ്പ്)
ശ്രീ.എസ്.രാധാകൃഷ്ണൻ നായർ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

സ്വീകർത്താക്കൾ

(1) ബന്ധപ്പെട്ട ജീവനക്കാർ.
(2) എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും.
(3) ബന്ധപ്പെട്ട മെഡിക്കൽ ആഫീസർമാർക്കും.
(4) ഫയൽ/കരുതൽ ഫയൽ.

// അംഗീകാരത്തോടെ //

സൂപ്രണ്ട്.